## ചെറുമഴ പിന്നെ പെരുമഴ

ഠേ...ഠേ...ഠേ...

ടർ...ടർ...ടർ...

കുഞ്ഞിക്കിളി ഞെട്ടി ഉണർന്നു.

കൂടിനു പുറത്തേക്ക്  നോക്കി.

മാനം കറുത്തല്ലോ!

പെട്ടെന്നൊരു മിന്നൽ...

വീണ്ടും ഇടി വെട്ടി.

കാറ്റ് വീശി.

മരങ്ങൾ ആടിയുലഞ്ഞു.

ശർ...ശർ... മഴത്തുള്ളികൾ വീഴാൻ തുടങ്ങി.

ചെറുമഴ പെരുമഴയായി.

കിളികളെല്ലാം കൂടുകളിലേക്ക് പറന്നു.

അമ്മ മാത്രം വന്നില്ലല്ലോ?

ടപ്പ്..ടപ്പ്......ഒരു ചിറകടി ശബ്ദം.

അതാ അമ്മ വരുന്നു.

കുഞ്ഞിക്കിളി ചിരിച്ചു.



1. കുഞ്ഞിക്കിളി ഞെട്ടി ഉണരാൻ കാരണമെന്ത്?
- ചൂട് കാരണം
- മഴ കൊണ്ടിട്ട്
- ഇടിയുടെ ശബ്ദം കേട്ടിട്ട്
- അമ്മ വിളിച്ചതുകൊണ്ട്

2. താഴെ പറയുന്നവയിൽ ഏതാണ് സംഭവിക്കാതിരുന്നത്?
- വെയിൽ
- ഇടി
- കാറ്റ്
- മിന്നൽ

3. പെരുമഴ പെയ്തപ്പോൾ കിളികളെല്ലാം എന്താണ് ചെയ്തത്?
- മഴയത്ത് കളിച്ചു
- കൂടുകളിലേക്ക് പറന്നു
- മരങ്ങളിൽ ഇരുന്നു
- മണ്ണിൽ നടന്നു

4. ആര് വരാനാണ് കുഞ്ഞിക്കിളി കാത്തിരുന്നത്?
- അച്ഛൻ
- ചേച്ചി
- ചേട്ടൻ
- അമ്മ

5. അമ്മ വന്നപ്പോൾ കുഞ്ഞിക്കിളി എന്താണ് ചെയ്തത്?
- തുള്ളിച്ചാടി
- നൃത്തം വച്ചു
- ചിരിച്ചു
- ഉമ്മ വച്ചു

## അയ്യോ! പാവം

അമ്മത്താറാവും കുഞ്ഞിത്താറാവും നീന്താൻ പോയി.

പെട്ടെന്ന് മഴ വന്നു.

പെരുമഴയായി.

രണ്ടുപേരും കരയിലേക്ക് നീന്താൻ തുടങ്ങി.

കുഞ്ഞിത്താറാവ് തളർന്നു.

കുളത്തിൽ മുങ്ങിത്താഴ്ന്നു.

കുഞ്ഞിത്താറാവിനെ കുഞ്ഞനാമ കരയിലെത്തിച്ചു.

അമ്മത്താറാവിനു സന്തോഷമായി.

കുഞ്ഞനാമയ്ക്ക് നന്ദി പറഞ്ഞു.



1. എന്തുചെയ്യാനാണ് അമ്മത്താറാവും കുഞ്ഞിത്താറാവും പോയത് ?
- കളിക്കാൻ
- നീന്താൻ
- കളിക്കാൻ
- പറക്കാൻ

2. പെരുമഴ വന്നപ്പോൾ അവർ എങ്ങോട്ടാണ് നീന്താൻ തുടങ്ങിയത് ?
- കുളത്തിന്റെ നടുവിലേക്ക്
- വഞ്ചിയുടെ അടുത്തേക്ക്
- കരയിലേക്ക്
- ആകാശത്തേക്ക്

3. തളർന്ന കുഞ്ഞിത്താറാവിന് എന്താണ് സംഭവിച്ചത്?
- വെള്ളത്തിൽ മുങ്ങിത്താഴ്ന്ന
- ബോധം പോയി
- അനങ്ങാൻ പറ്റാതായി
- വേഗത്തിൽ നീന്താൻ പറ്റി

4. ആരാണ് കുഞ്ഞിത്താറാവിനെ കരയിലെത്തിച്ചത്?
- ചിണ്ടൻ പാമ്പ്
- കിട്ടൻ മുതല
- കുഞ്ഞനാമ
- ചിന്നൻ വരാൽ

5. ആരാണ് കുഞ്ഞനാമയ്ക്ക് നന്ദി പറഞ്ഞത്?
- ചെമ്പൻ പരുന്ത്
- അമ്മത്താറാവ്
- മിന്നുതത്ത
- അച്ഛൻ താറാവ്



## എബിയും ചാമ്പമരവും

എബിയുടെ വീട്ടുമുറ്റത്താണ് ഞാനും പേരമരവും വളർന്ന് നിൽക്കുന്നത്.
ഞങ്ങളിൽ ധാരാളം പഴങ്ങൾ ഉണ്ട്.എബിക്ക് പഴങ്ങൾ കൊടുക്കണം
എന്നാണ് ഞങ്ങളുടെ ആഗ്രഹം.
അവനെ ഞങ്ങൾ എന്നും സ്നേഹത്തോടെ വിളിക്കും..
ഒന്നുവരൂ.. ഒരു പഴം പറിക്കൂ..
പക്ഷേ എബി ഞങ്ങളെ തിരിഞ്ഞുനോക്കുക പോലും ഇല്ല.
അവന് ഇഷ്ടം കടയിലെ ആപ്പിളും ഓറഞ്ചുമാണ്.
ഒരു ദിവസം എബിക്ക് വയറു വേദന വന്നു.
മരുന്നു കഴിച്ചു. അസുഖം മാറി.
അവന് കടയിൽനിന്നും വാങ്ങുന്ന പഴങ്ങൾ
ഇഷ്ടമല്ലാതായി.
പിന്നീടെന്നും അവൻ ഞങ്ങളുടെ
അടുത്തെത്തും.
ഞങ്ങൾ എന്നും അവന് പഴങ്ങൾ നൽകും.

സർവ്വശിക്ഷാഅഭിയാൻ കേരളം 2015-16 7/7

1. ഈ കഥയിലെ 'ഞങ്ങൾ' എന്നു പറയുന്നത് ആരൊക്കെയാണ്?
- മാവും പ്ലാവും
- പേരയും തെങ്ങും
- ചാമ്പയും പേരയും
- പുളിയും വാഴയും

2. മരങ്ങളുടെ ആഗ്രഹം എന്താണ്?
- എബിക്ക് പഴങ്ങൾ കൊടുക്കണം
- വിറക് കൊടുക്കണം
- തണൽ നൽകണം
- ഊഞ്ഞാലാട്ടണം

3. എബിക്ക് എന്താണ് ഇഷ്ടം?
- ചക്കയും മാങ്ങയും
- ചാമ്പക്കയും പേരക്കയും
- ആപ്പിളും ഓറഞ്ചും
- പപ്പായയും വാഴപ്പഴവും

4. ഒരു ദിവസം എബിക്ക് എന്തു സംഭവിച്ചു?
- തലവേദന വന്നു
- വയറുവേദന വന്നു
- ചെവിവേദന വന്നു
- കാലുവേദന വന്നു

5. ഒടുവിൽ എബിക്ക് എന്ത് മാറ്റമാണ് ഉണ്ടായത് ?
- കടയിലെ പഴങ്ങൾ ഇഷ്ടമല്ലാതായി
- ചാമ്പക്കയും പേരക്കയും ഇഷ്ടമല്ലാതായി

- ചക്കയും മാങ്ങയും ഇഷ്ടമല്ലാതായി
- വീട്ടിലെ പഴങ്ങൾ ഇഷ്ടമല്ലാതായി



പുഴുവും പൂമ്പാറ്റയും

പച്ചയുടുപ്പിട്ട കുഞ്ഞിപ്പുഴു
ഇഴഞ്ഞിഴഞ്ഞു വന്നു
പഴങ്ങൾ തേടിനടന്നു
മാമ്പഴത്തിൽ കയറി
പഴച്ചാറെല്ലാം കുടിച്ചു.

പുള്ളിയുടുപ്പിട്ട പൂമ്പാറ്റ
പറന്നുപറന്ന് വന്നു
പൂക്കൾ തേടി പറന്നു
പനിനീർപ്പൂവിലിരുന്നു
പൂന്തേനെല്ലാം കുടിച്ചു.

1. കുഞ്ഞിപ്പുഴുവിൻറെ ഉടുപ്പിന്റെ നിറം?

- പച്ച
- നീല
- മഞ്ഞ
- ചുവപ്പ്

2. കുഞ്ഞിപ്പുഴ എങ്ങനെയാണ് വന്നത്?

- ഓടിച്ചാടി
- നീന്തി നീന്തി
- ഇഴഞ്ഞിഴഞ്ഞ്
- പറന്നു പറന്ന്

3. കുഞ്ഞിപ്പുഴ എന്ത് തേടിയാണ് നടന്നത്?

- ഇലകൾ
- കായ്കൾ
- പൂക്കൾ
- പഴങ്ങൾ

4. ആരാണ് പുള്ളിയുടുപ്പിട്ട് വന്നത്?

- വണ്ട്
- പൂമ്പാറ്റ
- കുയിൽ
- കാക്ക

5. എവിടെയിരുന്നാണ് പൂമ്പാറ്റ പൂന്തേനെല്ലാം കുടിച്ചത്?

- മുല്ലപ്പൂവിൽ
- ചെത്തിപ്പൂവിൽ
- ജമന്തിപ്പൂവിൽ
- പനിനീർപ്പൂവിൽ



നല്ല മക്കൾ

കിന്നരിപ്പുഴയുടെ തീരത്തെ ചക്കരമാവ്.
പൊന്നുപ്രാവും മക്കളും അവിടെയാണ് താമസം.
മഹാ വികൃതികളാണ് മക്കൾ.
അമ്മ കഷ്ടപ്പെട്ട് എന്നും അരിമണികൾ
കൊണ്ടുവരും.
മക്കളോ, അവ കൊത്തി വെള്ളത്തിലിടും.
ഭക്ഷണം കളയല്ലേ മക്കളേ.
മഴക്കാലത്തേക്ക് കരുതണം.
അമ്മ എപ്പോഴും അവരെ ഓർമ്മിപ്പിക്കും.
മഴക്കാലമെത്തി. തീറ്റതേടിപോകാൻ പറ്റാതായി.
കുഞ്ഞുങ്ങൾക്ക് വിശന്നു.
അമ്മ പറഞ്ഞത് അവർ ഓർത്തു.
ഇനി ഞങ്ങൾ ആഹാരം കരുതിവെക്കും.

1. കിന്നരിപ്പുഴയുടെ തീരത്തുള്ള മരം ഏത്?

- പുളിയൻ മാവ്
- ചക്കരമാവ്
- പഞ്ചാരമാവ്
- മൂവാണ്ടൻ മാവ്

2. ആരാണ് മാവിൽ താമസിക്കുന്നത് ?

- മിന്നക്കാക്കയും മക്കളും
- ചിന്നക്കുരുവിയും മക്കളും
- പൊന്നപ്രാവും മക്കളും
- ചെമ്പൻ പരുന്തും മക്കളും

3. അമ്മ എന്താണ് എന്നും കഷ്ടപ്പെട്ട് കൊണ്ടുവരുന്നത്?

- ഗോതമ്പുമണികൾ
- അരിമണികൾ
- കടലമണികൾ
- പയറുമണികൾ

4. മക്കൾ അരിമണികൾ എന്തുചെയ്യും?

- കൊത്തിത്തിന്നും
- താഴെ കളയും

- എറിഞ്ഞു കളിക്കും
- കൊത്തി വെള്ളത്തിലിടും

5. അമ്മ എപ്പോഴും അവരെ ഓർമ്മിപ്പിക്കാറുള്ളത് എന്താണ്?

- വേനൽക്കാലത്തേക്ക് ഭക്ഷണം കരുതണം
- മഞ്ഞുകാലത്തേക്ക് ഭക്ഷണം കരുതണം
- മഴക്കാലത്തേക്ക് ഭക്ഷണം കരുതണം
- കാറ്റുകാലത്തേക്ക് ഭക്ഷണം കരുതണം



ചിന്നുക്കുരുവിയുടെ പിറന്നാൾ

ചിന്നുക്കുരുവിയുടെ പിറന്നാളാണ്. പുത്തൻ ഉടുപ്പിട്ട്,
പൊട്ടുതൊട്ട് അവൾ അണിഞ്ഞൊരുങ്ങി.
ടക്. ടക്. ടക്... ചിന്നു കതക് തുറന്നു.
മിന്നുത്തത്ത, കറുമ്പിക്കാക്ക, പൂവാലനണ്ണാൻ,
പുള്ളിക്കുയിൽ, മിട്ടുക്കുരങ്ങൻ...
ആഹാ എല്ലാവരുമുണ്ടല്ലോ.
'പിറന്നാൾസദ്യയുണ്ടാക്കാൻ ഞങ്ങളും കൂടട്ടേ?'
കൂട്ടുകാർ ചോദിച്ചു.
'അതിനെന്താ? പക്ഷെ സാധനങ്ങൾ കുറവാണ്.'
'അതിനാണോ വിഷമിക്കുന്നത്.
ഞങ്ങൾ ആവശ്യത്തിന് സാധനങ്ങളുമായി വരാം.'
കൂട്ടുകാർ സാധനങ്ങളുമായി തിരിച്ചെത്തി.
അവർ പിറന്നാൾ സദ്യയൊരുക്കി.
എല്ലാവരും ഒരുമിച്ചിരുന്ന് സദ്യ ഉണ്ടു.

1. ആരുടെയാണ് പിറന്നാൾ ?

- മിന്നുത്തത്തയുടെ
- കറുമ്പിക്കാക്കയുടെ
- പൂവാലനണ്ണാന്റെ
- ചിന്നക്കുരുവിയുടെ

2. താഴെ പറയുന്നവരിൽ ആരെയാണ് ചിന്നക്കുരുവി കതക് തുറന്നപ്പോൾ കാണാതിരുന്നത്?

- പുള്ളിക്കുയിലിനെ
- മിട്ടുക്കുരങ്ങനെ
- മിന്നുത്തത്തയെ
- കുഞ്ഞനാനയെ

3. എന്തു ചെയ്യാൻ കൂടാനാണ് കൂട്ടുകാർ വന്നത്?

- പിറന്നാൾ സദ്യയുണ്ടാക്കാൻ
- കേക്ക് മുറിക്കാൻ
- ബലൂണുകൾ തൂക്കാൻ
- പായസം വയ്ക്കാൻ

4. കൂട്ടുകാരോട് ചിന്നക്കുരുവി എന്താണ് പറഞ്ഞത്? സദ്യയുണ്ടാക്കാൻ, ……

- തേങ്ങ കുറവാണ്
- പച്ചക്കറികൾ കുറവാണ്
- സാധനങ്ങൾ കുറവാണ്
- അരി കുറവാണ്

5. താഴെ തന്നിട്ടുള്ളതിൽ കൂട്ടത്തിൽ ചേരാത്ത വാക്യം ഏത്?

- കൂട്ടുകാർ സാധനങ്ങളുമായി വന്നു.
- അവർ പിറന്നാൾ സദ്യ ഒരുക്കി.
- അവർ തമ്മിൽ വഴക്കുകൂടി.
- എല്ലാവരും ഒരുമിച്ചിരുന്ന് സദ്യ ഉണ്ടു.